നഗര വികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

310 (3292) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരവികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം എത്ര തുക നേടാനായിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി എത്ര എസ്സി./എസ്ടി. കുടുംബങ്ങൾക്ക് ഭവനങ്ങൾ ലഭ്യമാക്കാനായിട്ടുണ്ട് ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) നഗരവികസനവുമായി ബന്ധപ്പെട്ട് കെ.എസ്.യു.ഡി.പി. മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

പദ്ധതി	വർഷം	ലഭിച്ച കേന്ദ്ര വിഹിതം (തുക ലക്ഷത്തിൽ)
JNNURM	2011-12	6785.66
	2012-13	2321.18
	2013-14	8753.60
	2014-15	...
UIDSSMT	2011-12	...
	2012-13	12278.24
	2013-14	1794.17
	2014-15	...

(ബി) മേൽപ്പറഞ്ഞ കേന്ദ്രാവിഷ്കൃത പദ്ധതിയികളിൽ എസ്സി./എസ്ടി. കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്ന പദ്ധതികൾ ഒന്നും തന്നെ ഉൾപ്പെട്ടിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

(സി) കടിവെള്ള വിതരണ പദ്ധതികൾ, സ്വിവറേജ് പദ്ധതികൾ, അഴുക്കുചാൽ നിർമ്മാണ പദ്ധതികൾ, ഖരമാലിന്യ സംസ്കരണ പദ്ധതികൾ എന്നിവയാണ് മേൽപ്പറഞ്ഞ കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി പ്രധാനമായും നടപ്പിലാക്കിവരുന്നത്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് IRMA(Independent Review and Monitoring Agency) എന്ന ഒരു സ്വതന്ത്ര ഏജൻസിയെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസി കൃത്യമായ ഇടവേളകളിൽ പദ്ധതി പ്രദേശങ്ങൾ സന്ദർശിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കി കേന്ദ്ര നഗരകാര്യ വകുപ്പിന് നേരിട്ട് സമർപ്പിക്കുകയും ആയതിന്റെ പകർപ്പുകൾ സംസ്ഥാന നോഡൽ ഏജൻസിക്കും ബന്ധപ്പെട്ട പ്രോജക്ട് മാനേജ്മെന്റ്/പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾക്കും നൽകുകയും തുടർ സന്ദർശനങ്ങളിൽ മുൻകാല റിപ്പോർട്ടുകളിൽ പരാമർശിച്ച കുറവുകളും സാങ്കേതിക പിഴവുകളും പരിഹരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയും ചെയ്യുവരുന്നു. കേരളത്തിലെ JNNURM, UIDSSMT പദ്ധതികളുടെ Independent Review and Monitoring Agency വോയൻസ് സൊല്യൂഷൻസ്, മദിരാശി എന്ന സ്ഥാപനമാണ്.

മുനിസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ

311 (3293) ശ്രീ. വർക്കല കഹാർ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ ഏത് പദ്ധതിയിൽപ്പെടുത്തിയാണ് പ്രസ്തുത വികസന പദ്ധതികൾ നടപ്പാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തുള്ള നോഡൽ ഏജൻസി ഏതാണ്; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly